ഉത്തരം

(എ) മലമ്പുഴ, പോളച്ചിറ, പന്നിവേലിച്ചിറ, പരപ്പനങ്ങാടി എന്നിവയാണ് മീൻ വളർത്തൽ കേന്ദ്രങ്ങൾ.

(ബി) മലമ്പുഴയിലും, പോളച്ചിറയിലും ഉണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിലെ അഴിക്കോട് എന്ന സ്ഥലത്ത് ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ഒരു ഹാച്ചറിയും ഉണ്ട്.

(സി) പുറമെനിന്ന് മീൻ കുഞ്ഞുങ്ങളെ മീൻ വളർത്തൽ കേന്ദ്രത്തിലേക്ക് കൊണ്ടുവരാറില്ല. മത്സ്യകുഞ്ഞുങ്ങളെ കൃത്രിമമായി ഉൽപാദിപ്പിച്ച് വിരിയിച്ചെടുക്കുകയാണ് ചെയ്യുന്നത്.

(ഡി) കണ്ണൂർ ജില്ലയിൽ പുതുതായി മീൻ വളർത്തൽ കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശമുണ്ട്.

കേരളത്തിലെ വിതരണത്തിനാവശ്യമായ പാൽ

757. [1246] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിതരണത്തിനാവശ്യമായ പാൽ എത്രയെന്നും ലഭിക്കുന്നതെത്രയെന്നും വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ പാൽ വിതരണം ലാഭമോണോ ; അതോ നഷ്ടമാണോ ; ലാഭമോ നഷ്ടമോ എത്രയെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ പട്ടണപ്രദേശങ്ങളിൽ വിതരണത്തിനാവശ്യമായ പാൽ പ്രതിദിനം 4.2 ലക്ഷം ലിറ്റർ ആണെന്നു കണക്കാക്കിയിരിക്കുന്നു. 1.40 ലക്ഷം ലിറ്റർ പാൽ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ വഴി വിതരണം ചെയ്യുന്നു.

(ബി) തിരുവനന്തപുരം ഡയറി ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിച്ചു വരുന്നത്. 1-10-1985 മുതൽ 30-6-1986 വരെയുള്ള കാലയളവിൽ 3.49 ലക്ഷം രൂപ ലാഭം ഉണ്ടായിട്ടുണ്ട്.

ദേവസ്വംബോർഡ് തിരഞ്ഞെടുപ്പിൽ നിയമസഭാ സാമാജികൻമാരുടെ വോട്ടവകാശം

758. [1247] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേവസ്വംബോർഡിലേക്കുള്ള തിരഞ്ഞെടുപ്പിൽ നിയമസഭാ സാമാജികൻമാർക്ക് വോട്ടവകാശം ലഭിക്കണമെങ്കിൽ മതവിശ്വാസിയാണെന്നുള്ള ഡിക്ലറേഷൻ നൽകണമെന്ന വ്യവസ്ഥയെ ചോദ്യം ചെയ്തുകൊണ്ട് ഏതെങ്കിലും കോടതിയിൽ കേസ് നിലവിലുണ്ടോ ?

ഉത്തരം

ഉണ്ട്. (സുപ്രീം കോടതിയിൽ)

പഞ്ചായത്തുകളുടെ രൂപീകരണം

759. [1248] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ :

LIBRARY ARCHIVES Kerala Legislative Assembly